NO
TO

ഇ.എക്സ്/സി.ജി.എൽ (3)/51919/2024/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം.
തീയതി: 04/12/2024

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2025 - പരീക്ഷാ കേന്ദ്രങ്ങളിൽ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 01/11/2024- ലെ സി.ജി.എൽ 1/45100/24/സിജിഇ നമ്പർ പരീക്ഷാവിജ്ഞാപനം.

2. 04/11/2024-ലെ സിജിഎൽ3/51500/2024/സിജിഇ നമ്പർ കത്ത്

*******

2025 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയുമായി ബന്ധപ്പെട്ട് പരീക്ഷാ കേന്ദ്രങ്ങളിൽ നിയമിക്കപ്പെടേണ്ട ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരുടെ വിവരങ്ങൾ 05/12/2024 മുതൽ 10/12/2024 വരെ Online ആയി iExaMS പോർട്ടലിൽ രേഖപ്പെടുത്താവുന്നതാണ്. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരെ നിയമിക്കുന്നതുമായി ബനധപ്പെട്ട് ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

1. 500 കുട്ടികൾക്ക് ഒരു ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്ന നിലയിൽ നിയമനം നടത്തേണ്ടതാണ്.
2. അൺ-എയ്ഡഡ് സ്കൂളുകളിൽ ചീഫ് സൂപ്രണ്ടായി നിയമിക്കേണ്ടത് സർക്കാർ സ്കൂളുകളിലെ ഏറ്റവും സീനിയറായ അധ്യാപകരെ ആയിരിക്കണം. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും സർക്കാർ സ്കൂളിലെ സീനിയർ അധ്യാപകർ ആയിരിക്കണം.
3. ഇൻവിജിലേറ്റേഴ്സിനേക്കൾ സീനിയർ ആയിരിക്കണം ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്.
4. യാതൊരു കാരണവശാലും സീനിയോരിറ്റി മിറക്കടന്ന് ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിനെ നിയമിക്കുവാൻ പാടുള്ളതല്ല.

5. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് മറ്റു സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള സീനിയർ ഹൈസ്കൂൾ അധ്യാപകർ ആയിരിക്കണം.

6. മുൻ വർഷത്തിൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായി സേവനമനുഷ്ഠിച്ച സ്കൂളുകളിൽ ഈ വർഷം അതേ അധ്യാപകരെ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായി നിയമിക്കാൻ പാടില്ല.

7. ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്നവർ HST തസ്തികയിൽ സ്ഥിരം നിയമനം നേടിയിട്ടുള്ളവരായിരിക്കണം. എന്നാൽ ആവശ്യത്തിന് ഹൈസ്കൂൾ അധ്യാപകരെ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഹൈസ്കൂളുകളിലെ യു.പി. വിഭാഗത്തിലെ സീനിയർ അധ്യാപകരെ ഇൻവിജിലേറ്റർമാരായി നിയമിക്കാവുന്നതാണ്.

8. മാതൃസ്കൂളിൽ നിന്നും 8 കിലോമീറ്റർ ദൂരപരിധി കഴിഞ്ഞ് ഇൻവിജിലേറ്റർ ഡ്യൂട്ടിക്കായി അധ്യാപകരെ നിയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. രണ്ട് സ്കൂളുകളിലെ അധ്യാപകരെ പരസ്പരം ഇൻവിജിലേറ്റർമാരായി മാറ്റി നിയമിക്കുവാൻ പാടില്ല.

10. മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപകരെ അതേ മാനേജ്മെന്റിന് കീഴിലെ സ്കൂളുകളിൽ ഇൻവിജിലേറ്റർമാരായി നിയമിക്കാൻ പാടില്ല.

സെക്രട്ടറി

<u>സ്വീകർത്താവ്</u>: -

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും